**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 636** | **25.05.2017-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച റിപ്പോർട്ട്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ.മുരളീധരൻ**<br>**ശ്രീ. ഷാഫി പറമ്പിൽ**<br>**ശ്രീ. റോജി എം. ജോൺ**<br>**ശ്രീ. എൽദോസ് കുന്നപ്പിള്ളി** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച് പ്രൊഫ. ശ്രീറാം നൽകിയ റിപ്പോർട്ട് സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ഏതെങ്കിലും ശിപാർശകൾ സംസ്ഥാന സർക്കാരിന്റെ നയത്തിന് അനുസൃതമല്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | കമ്മിറ്റി 28.04.2017-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധനയിലാണ്. പരിശോധിച്ച ശേഷമേ ഇക്കാര്യങ്ങളിൽ തീരുമാനമെടുക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കുന്നതിന് മുമ്പ് സഹകരണ മേഖലയിലെ വിദഗ്ദ്ധർ, സഹകാരികൾ എന്നിവർ മുമ്പാകെ സമർപ്പിച്ച് എല്ലാതലത്തിലുമുള്ള സമഗ്രമായ ചർച്ചയ്ക്ക് കളമൊരുക്കുമോ; | | |
| (സി) | ജീവനക്കാരുടെ താല്പര്യങ്ങൾക്കും സംസ്ഥാന താല്പര്യങ്ങൾക്കും അനുസൃതമായി കേരള ബാങ്കിനെ രൂപപ്പെടുത്തുന്നതിന് എന്തൊക്കെ മുൻകരുതലുകൾ ഉണ്ടാകുമെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ